LIBRARY ARCHIVES Kerala Legislative Assembly

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ സ്പെസിഫിക്-സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന്റെ മുന്നോടിയായി 5-7-2021-ന് കൂടിയ എം.പി.-മാരുടെ സമ്മേളനത്തിൽ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബർ കർഷകർക്ക് നൽകിവരുന്ന സബ്സിഡി 2021 ഏപ്രിൽ 1 മുതൽ 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ്-19 രണ്ടാം ഘട്ടം വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ട് വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ്- 19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി 21-5-2021-ലെ D.O.No.288/2021/CM നം. കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

നബാർഡിന്റെ വായ്പ

40(3462) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോഡ് ജനറൽ ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പയുണ്ടോ എന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി കാസർകോഡ് ജനറൽ ആശുപത്രിക്കുവേണ്ടി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നബാർഡിന്റെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര കോടി രൂപയാണ് നബാർഡ് വായ്പയെന്നും നബാർഡിന്റെ ഏത് ടാഞ്ചിലാണ് ഇതുൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ടാഞ്ചിന്റെ കാലാവധി എപ്പോഴാണവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ?

എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി ടാഞ്ച XVIII-ൽ ഉൾപ്പെട്ട കാസർകോഡ് ജനറൽ ആശുപത്രിക്ക് 840 ലക്ഷം രൂപയുടെ മൊത്തം പദ്ധതി ചെലവിൽ 714 ലക്ഷം രൂപ നബാർഡ് ആർ.ഐ.ഡി.എഫ് വായ്പയാണ് അംഗീകരിച്ചിട്ടുള്ളത്. ടാഞ്ച XVIII-ന്റെ കാലാവധി 31.03.2020-ൽ അവസാനിച്ചു.

(സി) ഈ കെട്ടിടത്തിന് തറക്കല്ലിട്ടത് എപ്പോഴാണെന്നും പ്രവൃത്തി ടെണ്ടർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ടെണ്ടർ തുക എത്രയാണെന്നും ഇതുവരെ എത്ര രൂപയുടെ പ്രവൃത്തി ചെയ്തുവെന്നും കരാറുകാരന് എത്ര രൂപ ഇതിനകം നൽകിയെന്നും വ്യക്തമാക്കാമോ?

2017 ജനുവരി 19 ലാണ് ഈ കെട്ടിടത്തിന് തറക്കല്ലിട്ടത്. പ്രവൃത്തി ടെണ്ടർ ചെയ്തത് 28-12-2016-ലാണ്. ടെണ്ടർ തുക 8,75,38,209 രൂപയാണ്. കരാറുകാരന് ഇതുവരെ 4,31,35,509 രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്.

(ഡി) കരാറുകാരന് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ കാരണമെന്താണെന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി തുടരാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

ടാഞ്ച XVIII-ന്റെ കാലാവധി 31-3-2020-ന് അവസാനിച്ചു. പ്രസ്തുത പദ്ധതിക്കായി 6.25 കോടി രൂപയുടെ ബിൽ സമർപ്പിക്കുകയും അതിൻപ്രകാരം സമയപരിധിക്കുള്ളിൽ സമർപ്പിച്ച 4 കോടി രൂപയുടെ റിലീസ് നബാർഡും സർക്കാരും ടി പ്രവൃത്തിക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പണി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കാത്തതിനാൽ ശേഷിക്കുന്ന 4.4 കോടി രൂപയുടെ പ്രവൃത്തിക്ക് നബാർഡ് വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. പ്രസ്തുത തുക ജില്ലാ കളക്ടർ മറ്റു പദ്ധതി ചെലവുകളിൽനിന്നും കണ്ടെത്തേണ്ടതാകുന്നു.